ഗതാഗതം നിരോധിച്ചു

കോഴഞ്ചേരി

എ വണ്ട് ഹോട്ടൽ മുതൽ പഞ്ചായത്ത് ഓഫീസിനുപിന്നിൽ വരെയുള്ള ഭാഗം 31 മുതൽ 15 ദിവസത്തേക്ക് റോഡ് ഗതാഗതം തടസപ്പെടുത്തി നിർമാണം നടക്കും. ഈ റോഡു വഴിയുള്ള ഗതാഗതം തൊട്ടടുത്ത കാലിക്കാവിലേക്ക് തിരിച്ചുവിട്ടു.

കോടി അർച്ചന 5 മുതൽ

പത്തനംതിട്ട

പത്തനംതിട്ട എൻഎസ്എസ് താലൂക്ക് യൂണിയന്റെ ഉടമസ്ഥതയിലുള്ള കോന്നി മഠത്തിൽകാവ് ഭഗവതി ക്ഷേത്രത്തിലെ കോടി അർച്ചന അഞ്ച് മുതൽ 13 വരെ നടക്കുമെന്ന് യൂണിയൻ പ്രസിഡന്റ് അഡ്വ. ഹരിദാസ് ഇടത്തിട്ട വാർത്താസമ്മേളനത്തിൽ അറിയിച്ചു. തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ അച്യുത ഭാരതി സ്വാമിയാരാണ് മുഖ്യകാർമികൻ. അഞ്ചിന് വൈകിട്ട് 4.30ന് സ്വാമിയാരെയും ആചാര്യന്മാരെയും ക്ഷേത്രത്തിലേക്ക് സ്വീകരിക്കും. തുടർന്ന് അനുഗ്രഹപ്രഭാഷണം. ആറുമുതൽ 12 വരെ രാവിലെ 7.30 മുതൽ വൈകിട്ട് 6.30 വരെ നാല് ഘട്ടങ്ങളിലായാണ് അർച്ചന. പങ്കെടുക്കാൻ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഇവർക്ക് ഭക്ഷണവും വിവിധ സ്ഥലങ്ങളിൽനിന്നും ബസ് സൗകര്യവും ഏർപ്പാടാക്കിയിട്ടുണ്ടെന്നും ഭാരവാഹികൾ പറഞ്ഞു. വാർത്താസമ്മേളനത്തിൽ രാജേന്ദ്രനാഥ് കമലകം, എസ് ശിവകുമാർ, ഹരിദാസ്, ആർ രാജേഷ്കുമാർ എന്നിവരും പങ്കെടുത്തു.

റബർ ടാപ്പിങ് പരിശീലനം

പത്തനംതിട്ട

റബർ ബോർഡ് പത്തനംതിട്ട റീജണൽ ഓഫീസ്, ഇലന്തൂർ റബർ ഉൽപാദക സംഘം എന്നിവയുടെ ആഭിമുഖ്യത്തിൽ സൗജന്യ റബർ ടാപ്പിങ് പരിശീലനം നൽകും. രണ്ടു മുതൽ ഇലന്തൂർ കോലിഞ്ചിക്കൽ തോട്ടത്തിൽ റബർ ബോർഡ് അംഗീകൃത വിദഗ്ധ പരിശീലകൻ ശിവദാസന്റെ നേതൃത്വത്തിലാണ് പരിശീലനം. 18 വയസ് കഴിഞ്ഞവർക്ക് പങ്കെടുക്കാം. എട്ടുദിവസമാണ് പരിശീലന കാലയളവ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് റബർ ബോർഡ് സർട്ടിഫിക്കറ്റ് നൽകും. 9048685287,94470 60545 എന്നീ നമ്പറുകളിൽ പേരുകൾ രജിസ്റ്റർ ചെയ്യാമെന്ന് ആർപിഎസ് പ്രസിഡന്റ് കെ ജി റെജി അറിയിച്ചു.



അടൂർ പൊലീസ് സ്റ്റേഷനിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറി വിഷ്ണു ഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

പൊലീസ് സ്റ്റേഷനിൽകയറി മർദനം

അടൂരിൽ പ്രതിഷേധം

അടൂർ

യുട്യൂബർ രാജൻജോസഫിനെ പൊലീസ് സാന്നിധ്യത്തിൽ പൊലീസ് സ്റ്റേഷനിൽ കയറി മർദിച്ച ശ്രീനാദേവി കുഞ്ഞമ്മയുടെയും യൂത്ത് കോൺഗ്രസ് നേതാവ് ഐന്നൈനാന്റെയും പേരിൽ കേസെടുത്ത് അറസ്റ്റ് ചെയ്തതിനെതിരെയാവുമെന്നാവശ്യപ്പെട്ട് ഡിവൈഎഫ്ഐയുടെയും എസ്എഫ്ഐയുടെയും നേതൃത്വത്തിൽ അടൂർ പൊലീസ് സ്റ്റേഷനിലേക്ക് പ്രതിഷേധമാർച്ച് നടത്തി.

ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറി വിഷ്ണു ഗോപാൽ ഉദ്ഘാടനം ചെയ്തു. എസ്എഫ്ഐ ഏരിയ സെക്രട്ടറി സഹിൽ ഷഹീർ അധ്യക്ഷനായി. എസ്എഫ്ഐ സംസ്ഥാന വൈസ് പ്രസിഡന്റ് കെ എസ് അമൽ, ജില്ലാ സെക്രട്ടറി അനന്തു മധു, ഡിവൈഎഫ്ഐ ജില്ലാ കമ്മിറ്റിയംഗം ജയകൃഷ്ണൻ പള്ളിക്കൽ, വിനീത് കടമ്പനാട്, ജയപ്രകാശ് മണ്ണടി, അരവിന്ദ് എന്നിവർ പങ്കെടുത്തു.



എൻഎസ്എസ് പത്തകദിനത്തിൽ പെരുന്ന മന്നം സമാധിയിൽ ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പതാക ഉയർത്തുന്നു

എൻഎസ്എസ് പതാകദിനമാചരിച്ചു

ചങ്ങനാശേരി

ജാതിസംവരണമല്ല സാമ്പത്തിക സംവരണമാണ് നടപ്പാക്കേണ്ടതെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ. എൻഎസ്എസ് പതാക ദിനത്തിൽ മന്നം സമാധിയിൽ പതാക ഉയർത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. നായർ സർവീസ് സൊസൈറ്റി രൂപീകരണദിനത്തിൽ സംഘാടനത്തു ടനിളം പതാകദിനം ആചരിച്ചു. മന്നം സമാധിയിൽ പുഷ്പാർച്ചന നടന്നു. പ്രസിഡന്റ് ഡോ. എം ശശികുമാർ, ഡോ. കെ ബി ജഗദീശ്, എസ് സുരേഷ്കുമാർ, ഡോ. എസ് സുജാത എന്നിവർ പങ്കെടുത്തു. എൻഎസ്എസ് ആസ്ഥാനത്ത് പ്രസിഡന്റ് ഡോ. എം ശശികുമാർ പതാക ഉയർത്തി.

വള്ളിക്കോട് 1259–ാം നമ്പർ കരയോഗത്തിൽ സെക്രട്ടറി കെ എസ് അജികുമാർ പതാക ഉയർത്തി.

യൂണിയൻ പ്രതിനിധി ആർ മോഹനൻനായർ, ജോയിന്റ് സെക്രട്ടറി മധുസൂദനൻനായർ, ട്രഷറർ വിജയൻനായർ, രാമചന്ദ്രൻനായർ, വിജയൻനായർ, രാമചന്ദ്രൻ കർത്ത, ചന്ദ്രശേഖരൻനായർ, ബാലചന്ദ്രൻനായർ എന്നിവർ സംസാരിച്ചു.

അരുവാപ്പുലം 3184–ാം നമ്പർ മന്നം ശതാബ്ദിഷേക സ്മാരക കരയോഗത്തിൽ പ്രസിഡന്റ് കെ എ അശ്വിനികുമാർ പതാക ഉയർത്തി. സെക്രട്ടറി പി കെ ഗോപി നാഥപിള്ള, വൈസ് പ്രസിഡന്റ് കെ ആർ പ്രസാദ്, ജോയിന്റ് സെക്രട്ടറി ശരത്കുമാർ, ട്രഷറർ ഗോപാലകൃഷ്ണപിള്ള, പത്മശേഖരൻനായർ, വിലാസിനിയമ്മ, തുഗിണിനിയമ്മ എന്നിവർ സംസാരിച്ചു.

മൂക്കന്നൂർ ശ്രീശങ്കരവിലാസം എൻഎസ്എസ് കരയോഗത്തിന്റെ നേതൃത്വത്തിൽ പതാക ദിനാചരണം നടന്നു. മൂക്കന്നൂർ കാവിൽനിന്നാരംഭിച്ച പതാക ഘോഷയാത്ര കരയോഗമന്ദിരത്തിൽ എത്തിച്ചേർന്നശേഷം പ്രസിഡന്റ് എം എസ് രവീന്ദ്രൻ നായർ പതാക ഉയർത്തി.

കക്കൂസ് മാലിന്യം തള്ളിയ ടാങ്കർ ലോറി പിടികൂടി

അടൂർ

കക്കൂസ് മാലിന്യം തള്ളിയ ടാങ്കർ ലോറി അടൂർ നഗരസഭ ആരോഗ്യ വിഭാഗം പിടികൂടി. ശനി പുലർച്ച 4.30ന് ബൈപ്പാസ് റോഡിൽനിന്നാണ് മാലിന്യം തള്ളാൻ വന്ന ടാങ്കർ ലോറി പിടികൂടിയത്. വാഹനത്തിൽനിന്നും വിവാധ ഉൾപ്പെടെ മാരകായുധങ്ങൾ കണ്ടെത്തി. മാലിന്യം കടത്താനുപയോഗിച്ച വാഹനം പൊലീസ് കസ്റ്റഡിയിലെടുത്തു. വാഹനത്തിലുണ്ടായിരുന്ന പഴകുളം ബിനു മൻസിലിൽ ഷാനു(26)വിനെതിരെ പൊലീസ് കേസെടുത്തു. നൂറനാട് സ്റ്റേഷനിൽ വാറന്റുള്ളതിനാൽ ഷാനുവിനെ നൂറനാട് പൊലീസിന് കൈമാറി. നഗരസഭാ പരിസരത്ത് കഴിഞ്ഞ കുറച്ചുദിവസങ്ങളായി വ്യാപകമായി കക്കൂസ് മാലിന്യം തള്ളിയിരുന്നു.

ഇതിന്റെയടിസ്ഥാനത്തിൽ ആരോഗ്യവിഭാഗം നടത്തിയ രാത്രികാല പരിശോധനയിലാണ് വാഹനം കണ്ടെത്തിയത്. ശനി പുലർച്ച എംസി റോഡിൽ മിത്രപുരം ഭാഗത്ത് റോഡരികിലെ ഓടയിൽ മാലിന്യം തള്ളിയത് അതോഗ്യവിഭാഗം സ്ക്വാഡിലെ അംഗങ്ങൾ കണ്ടിരുന്നു. തുടർന്ന് വാഹനത്തെ പിന്തുടർന്നെത്തിയപ്പോൾ വാഹനം കരുവാറ്റ സിഗൽ ഭാഗത്തുനിന്നും വീണ്ടും മാലിന്യം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇതോടെ സ്ക്വാഡ് അംഗങ്ങൾ വാഹനം തടയുകയും പൊലീസിനെ വിളിച്ചു വരുത്തുകയുമായിരുന്നു. അടൂർ നഗരസഭ ആരോഗ്യവിഭാഗം പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ എം പി അമൽ, എൽ മിനിമോൾ, ജീവനക്കാരായ ജ്യോതീഷ്, യോഹന്നാൻ, മാത്തുക്കുട്ടി എന്നിവരാണ് ആരോഗ്യവിഭാഗം സ്ക്വാഡിൽ ഉണ്ടായിരുന്നത്.



ചെന്നീർക്കര ഗവ. ഐടിഐയിൽ സർട്ടിഫിക്കറ്റ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വീണാ നായർ ഉദ്ഘാടനം ചെയ്യുന്നു

സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

പത്തനംതിട്ട

ചെന്നീർക്കര ഗവ. ഐടിഐയിൽ അഖിലേന്ത്യാ ട്രേഡ് പരീക്ഷയിൽ വിജയിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണവും അഖിലേന്ത്യാ തലത്തിൽ റാങ്ക് നേടിയ വിദ്യാർഥിക്ക് അനുമോദനവും നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വീണാമ റോയ് ഉദ്ഘാടനം ചെയ്തു. ചെന്നീർക്കര പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുമോൾ കോശി അധ്യക്ഷയായി. പത്തനംതിട്ട നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ എ സുഗീർ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്തംഗം ജിനു ഉല്ലാസ് മമ്മൻ, സ്റ്റേയും കോട്ടയം മേഖല ഇൻസ്പെക്ടർ ഓഫ് ടെയിനിങ് ഷെറിൻ ജോസഫ് സർട്ടിഫിക്കറ്റും വിതരണം ചെയ്തു. പ്രിൻസിപ്പൽ വി അരുൺകുമാർ, വൈസ് പ്രിൻസിപ്പൽ ആർ സ്നേഹലത, സിനിയർ സൂപ്രണ്ട് തിൽഷട് ബിഎം, പി കെ സദാശിവൻ, ആർ വി നോട്, ജി എസ് സജിഷ്, ബി രഞ്ജി ത്കുമാർ, എ വി ഷാജി, ബിപിൻ വി നാഥ് എന്നിവർ സംസാരിച്ചു.

KIDNEY WANTED
O+ve
8330893687
8891083687

Build Your NURSING CAREER with CONFIDENCE!
ANTONY'S ACADEMY FOR NURSES
Join Antony's Academy for expert coaching in:
SAUDI QATAR KUWAIT DHA HAAD
UAE MOH NCLEX IQN NHRA CBT
SNB MALDIVES PSC NORCET & More
JOIN TODAY!
EXPERT FACULTY Learn from experienced professionals
MOCK TESTS & PRACTICE Boost your confidence with regular tests
UPDATED STUDY MATERIALS Comprehensive & exam-focused study resources
INTERACTIVE CLASSES Engaging live sessions & doubt clearing
Prepare Smart. ACHIEVE YOUR DREAM!
+91 97453 43370
+91 96453 13370
YOUR DREAM JOB IS JUST ONE STEP AWAY!
Trusted by Thousands Proven Success Your Success is Our Mission
JOIN TODAY & TAKE THE FIRST STEP TOWARDS A GLOBAL NURSING CAREER!

INDIAN INSTITUTE OF HANDWRITING
A National Autonomous Board For Handwriting
കൈയ്യക്ഷരം എങ്ങനെ ശരിയാക്കും?
HANDWRITING IMPROVEMENT COURSE
English Malayalam Hindi
100% RESULT GUARANTEED
NO AGE BARRIER
Improvement in Just Hours
Money Back Guarantee
Postal Course
Minimum Effort-Great Reward
Anyone Can Join
Info@iih.org
www.iih.org.in
9745202893, 9447574289

രാജാംപാറ ഫോറസ്റ്റ് സ്റ്റേഷനിലേക്ക് സിപിഐ എം മാർച്ച്

ചിറ്റാർ

പെരുനാട് പഞ്ചായത്തിലെ ജനവാസമേഖലയിൽ വർധിച്ചുവരുന്ന കാട്ടാന ആക്രമണങ്ങളിലും വനം വകുപ്പിന്റെയും സംസ്ഥാന സർക്കാരിന്റെയും നിസംഗതയിലും പ്രതിഷേധിച്ച് സിപിഐ എം പെരുനാട് ലോക്കൽ കമ്മിറ്റി നേതൃത്വത്തിൽ രാജാംപാറ ഫോറസ്റ്റ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തി.

സിപിഐ എം ജില്ലാ കമ്മിറ്റിയംഗം പി എസ് മോഹനൻ ഉദ്ഘാടനം ചെയ്തു. പെരുനാട് ഏരിയ കമ്മിറ്റിയംഗം അഡ്വ. വി ജി സുരേഷ് അധ്യക്ഷനായി. ജില്ലാ കമ്മിറ്റിയംഗം എസ് ഹരിദാസ്, പെരുനാട് ഏരിയ സെക്രട്ടറി എം എസ് രാജേന്ദ്രൻ, ഏരിയ കമ്മിറ്റിയംഗങ്ങളായ റോബിൻ കെ തോമസ്, ഗിരിജ മധു, രാധാ പ്രസന്നൻ, കെ എസ് ഗോപി, പഞ്ചായത്തംഗം പി എസ് ഉത്തമൻ എന്നിവർ സംസാരിച്ചു.

കഴിഞ്ഞ ദിവസം ടാപ്പിങ് തൊഴിലാളികളായ രണ്ടുപേരെ കാട്ടാന ആക്രമിച്ച് ഗുരുതര പരിക്കേൽപ്പിച്ചതാണ് ഒടുവിലത്തെ സംഭവം. ഇഎച്ച്ടി സമീപം പെന്നമരുടാമലയിലെ ഓട്ടോ ഡ്രൈവർ ചിറ്റാർ സ്വദേശി മണക്കയം അൻസിയ മൻസിലിൽ ഷുക്കൂർ, പെരുനാട് പൊട്ടൻതുഴി മാങ്കണ്ണിൽ സലാഹുദ്ദീൻ എന്നിവരെയാണ് ആന ആക്രമിച്ചത്.

ഇഎച്ച് ചെമ്പങ്കരയിലും സമീപ പ്രദേശങ്ങളിലും പട്ടാപ്പകലും കാട്ടാന ശല്യം വർധിച്ചിരിക്കയാണ്. രണ്ടുമാസം മുമ്പ് ഈ പ്രദേശത്ത് ജനവാസമേഖലയിലിറങ്ങിയ ആനക്കൂട്ടം വീട്ടുകളുടെ ഗേറ്റും കൃഷിയും നശിപ്പിച്ചിരുന്നു. നാട്ടുകാർ എത്തു പരാതിപ്പെട്ടാലും വനം വകുപ്പിന് അനങ്ങാപ്പാറ നയമാണ്. നിസ്സംഗത തുടർന്നാൽ ഡി എഫ് ഒ ഓഫീസ് ഉപരോധിച്ച് സമരം ശക്തമാക്കുമെന്ന് സിപിഐ എം നേതാക്കൾ പറഞ്ഞു.



സിപിഐ എം രാജാംപാറ ഫോറസ്റ്റ് സ്റ്റേഷനിലേക്ക് നടത്തിയ മാർച്ച് ജില്ലാ കമ്മിറ്റിയംഗം പി എസ് മോഹനൻ ഉദ്ഘാടനം ചെയ്യുന്നു

ക്രമീകരണങ്ങൾ പൂർത്തിയായി

കുളനടയിൽ ട്രാഫിക് പരിഷ്കാരം ഇന്നുമുതൽ

പന്തളം

കുളനട ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാനും സുഗമ യാത്രാസൗകര്യം ഉറപ്പാക്കാനുമായി നടപ്പാക്കുന്ന സമഗ്ര ട്രാഫിക് പരിഷ്കാരം ഞായറാഴ്ച മുതൽ നിലവിൽ വരും. ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി തീരുമാനപ്രകാരം നടപ്പാക്കുന്ന പരിഷ്കാരത്തിന്റെ ഭാഗമായി പന്തളം കുമ്പഴ സ്റ്റേറ്റ് എക്സ്പ്രസ് പുതിയ ബോർഡുകൾ സ്ഥാപിച്ചു. വഴിയോരക്കച്ചവടം നിരോധിച്ചിട്ടുള്ള പ്രദേശങ്ങളിലും നോപാർക്കിങ് മേഖലകളിലും ഇതു സംബന്ധിച്ചു മുന്നറിയിപ്പ് ബോർഡുകളും കുളനട പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ട്രാഫിക് പരിഷ്കരണം ഫലപ്രദമായി നടപ്പാക്കാനാവശ്യമായ മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും പൂർത്തിയായിവരികയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചാണ് പ്രവർത്തനങ്ങൾ. പൊലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കെഎസ്ടിപി, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതെന്ന് പഞ്ചായത്ത് അറിയിച്ചു.



പഞ്ചായത്തിനുസമീപം വാഹന പാർക്കിങ് നിരോധിച്ചുകൊണ്ട് സ്ഥാപിച്ച മുന്നറിയിപ്പ് ബോർഡ്



എംസി റോഡരികിൽ കുളനട ജങ്ഷനു സമീപം ബസ്സ്റ്റോപ്പിൽ സ്ഥാപിച്ച അറിയിപ്പ് ബോർഡ്

ദിശാബോർഡുകൾ സ്ഥാപിച്ചു

പ്രവാസിസംഘം പന്തളം ഏരിയ കൺവൻഷൻ ഇന്ന്

പന്തളം

കേരള പ്രവാസിസംഘം പന്തളം ഏരിയ കൺവൻഷൻ ഞായർ രാവിലെ 10ന് പന്തളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും. കേരള പ്രവാസിസംഘം ജില്ലാ സെക്രട്ടറി രഘുനാഥ് ഇടത്തിട്ട ഉദ്ഘാടനം ചെയ്യും. പന്തളം ഏരിയ പ്രസിഡന്റ് കെ ആർ അനിൽകുമാർ അധ്യക്ഷനാകും.

എ സി മെക്കാനിക് കോഴ്സ്

പന്തളം

കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ സ്വിതു അംഗികാരത്തോടെ പ്രവർത്തിക്കുന്ന മൈക്രോ കോളേജിൽ ഞാറയ്ക്കൽ ലധിഷ്ഠിത റഫ്രിജറേഷൻ ആൻഡ് എയർകണ്ടീഷനിങ് കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. യോഗ്യത എസ്എസ്എൽസി /പ്ലസ്ടു /വിഎച്ച്എസ്സി /ഐടിഐ/ഡിഗ്രി / ഡിപ്ലോമ കോഴ്സ്. കൂടുതൽ വിവരങ്ങൾക്ക് മൈക്രോ കോളേജ് പന്തളം, ഫോൺ: 9446438028.

KERALA BANK
കേരള സംസ്ഥാന സഹകരണ ബാങ്ക് ലിമിറ്റഡ്
റീജിയണൽ ഓഫീസ്, ആലപ്പുഴ
ആലപ്പുഴ – 688 001 ഫോൺ: 0477 -2251682, 683, 684, ഇ–മെയിൽ: alpro@keralabank.co.in, alprorecovery@keralabank.co.in
വസ്തു ഇ – ലേല വിൽപന പരസ്യം
സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്ട് 2002, റൂൾ 8(6) പ്രകാരം ബാങ്ക് കൈവശപ്പെടുത്തിയ വസ്തുവിന്റെ ഇ - ലേല വിൽപന നോട്ടീസ് (ഓൺലൈൻ മുഖേനയിലേ). താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ SARFAESI Act 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവരവസ്തു, വസ്തുവിന്റെ നിലവിലുള്ള സ്ഥിതിയിൽ അതായത് 'എവിടെയോ, എങ്ങനെയോ, എതൊക്കെയോ' എന്ന അടിസ്ഥാനത്തിൽ 03.12.2026-ാം തീയതി ഓവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് ശേഷം 2.00 മണി വരെ വിൽപന നടത്തുന്ന വിവരം ഡയറക്ടറേയും ജാമ്യക്കാരേയും പൊതുജനങ്ങളേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ശാഖ, വായ്പ നമ്പർ, ബാക്കി നിൽക്ക തുക	റിസർവ്വ് തുക	ഇ.എം.ഡി തുക	ഇതര വസ്തു സംബന്ധിച്ച വിവരങ്ങൾ
1	(1) മോഹൻകുമാർ, എളക്കുളത്ത് പുത്തൻവീട്, മേയ്ക്കാല്പുഴ, താഴം (2) ഉഷകുമാരി, എളക്കുളത്ത് പുത്തൻവീട്, മേയ്ക്കാല്പുഴ, താഴം (3) മോഹൻ മോഹൻ, എളക്കുളത്ത് പുത്തൻവീട്, മേയ്ക്കാല്പുഴ, താഴം	പുതുക്കുളം 12126035600096 05.09.2026 തീ Rs.59,54,996/-	Rs. 12,50,000/-	Rs. 1,25,000/-	മോഹൻകുമാർ എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ മലയാലപ്പുഴ വില്ലേജിൽ റീ.സർവ്വെ നമ്പർ 208/14, 208/4ൽ ഉൾപ്പെട്ട 4+13.70=17.70 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് തോട് ഇരുമ്പിയ നടവഴി, തെക്ക് ഓമന കുട്ടൻ വക വസ്തു, പടിഞ്ഞാറ് റോഡ്, വടക്ക് കുഞ്ഞിക്കുഞ്ഞൻ നായർ വക വസ്തു.
2	(1) ഗീത കെ. ആർ., കൊല്ലയ്ക്കിൽ, താഴം പി.ഒ., മലയാലപ്പുഴ (2) അഖിത കെ. ആർ, കൊല്ലയ്ക്കിൽ, താഴം പി.ഒ., മലയാലപ്പുഴ (3) സരോജിൽ, കൊല്ലയ്ക്കിൽ, താഴം പി.ഒ., മലയാലപ്പുഴ	പുതുക്കുളം 12126045400464 05.09.2026 തീ Rs.17,94,344/-	Rs. 5,00,000/-	Rs. 50,000/-	ഗീത കെ.ആർ. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ മലയാലപ്പുഴ വില്ലേജിൽ റീ.സർവ്വെ നമ്പർ 175/5-2ൽ ഉൾപ്പെട്ട 04.05 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് നടവഴി, തെക്ക് പങ്കജത്ത് റോഡ്, പടിഞ്ഞാറ് നന്ദനം കെ ആർ ശ്രീജ വക വസ്തു & ഭവൻ നന്ദനം, വടക്ക് നന്ദനം കെ. ആർ. ശ്രീജ വക വസ്തു & ഭവൻ നന്ദനം.
3	(1) വിലാസിനി വി, നിവേദൻ ഹൗസ്, ആറ്റുമുക്കുകളം, കോന്നി (2) വി എൻ. ഡി., നിവേദൻ ഹൗസ്, ആറ്റുമുക്കുകളം, കോന്നി.	കോന്നി 11866035600699 05.09.2026 തീ Rs.37,57,886/-	Rs. 9,00,000/-	Rs. 90,000/-	വിലാസിനി വി എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ തണ്ണിത്തോട് വില്ലേജിൽ റീ.സർവ്വെ നമ്പർ 309/853ൽ ഉൾപ്പെട്ട 62.37 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് രാജൻ വക വസ്തു, തെക്ക് റിസർവ്വ് ഫോറസ്റ്റ്, പടിഞ്ഞാറ് രാജൻ വക വസ്തു, വടക്ക് മലമ്പാറ വക വസ്തു.
4	(1) രാജു വി., ശ്രീവിലാസം, കോട്ടൂരത്ത് പി.ഒ., (2) എം.വി. കുഞ്ഞിക്കണ്ടൻ, ശ്രീവിലാസം, കോട്ടൂരത്ത് പി.ഒ.,	ചുകാറ 11756035600272 05.09.2026 തീ Rs.57,33,070/-	Rs. 22,00,000/-	Rs. 2,20,000/-	കുഞ്ഞിക്കണ്ടൻ എം. വി. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ കോട്ടൂരത്ത് വില്ലേജിൽ റീ.സർവ്വെ നമ്പർ 102/5ൽ ഉൾപ്പെട്ട 8 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് മാലുത്രേൽ വക വസ്തു, തെക്ക് കുഞ്ഞിക്കുട്ടി വക വസ്തു, പടിഞ്ഞാറ് റോഡ്, വടക്ക് ഷാജി വക വസ്തു.
5	(1) പ്രഭാവ് എം.കെ., ശ്രീവിലാസം, കോട്ടൂരത്ത് പി.ഒ., വല്ലപ്പള്ളി	വയ്പൂർ 12256035600166 05.09.2026 തീ Rs.1,41,19,329/-	Rs. 37,50,000/-	Rs. 3,75,000/-	പ്രഭാവ് എം.കെ. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ മലയാലപ്പുഴ വില്ലേജിൽ റീ.സർവ്വെ നമ്പർ 37/18, 37/19, 37/20ൽ ഉൾപ്പെട്ട 10.20+6.30+6.50=23 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് റോഡ്, തെക്ക് രാധാകൃഷ്ണൻ വക വസ്തു, പടിഞ്ഞാറ് ചാക്കോ മത്തായി വക വസ്തു, വടക്ക് കിഴക്കേ താന്നിക്കൽ പൊയ്കയിൽ വക വസ്തു. തിരുവല്ല മുൻസിഫ് കോടതിയിൽ OS 135/18, OS 133/18 എന്നീ 2 അയൽവാസി വ്യവഹാരങ്ങൾ ഉണ്ട്.
6	(1) അജേഷ് കെ. എൻ., കൊച്ചുമണലിൽ നീക മന്ദിരം, എഴം പി.ഒ., മലയാലപ്പുഴ (2) സുരേഷിൽ കെ. കെ., കൊച്ചുമണലിൽ നീക മന്ദിരം, എഴം പി.ഒ., മലയാലപ്പുഴ (3) അഖിലേഷ് കെ. എൻ., കൊച്ചുമണലിൽ നീക മന്ദിരം, എഴം പി.ഒ., മലയാലപ്പുഴ	പുതുക്കുളം 12126047100433 05.09.2026 തീ Rs.13,76,627/-	Rs. 13,00,000/-	Rs. 1,30,000/-	സുരേഷിൽ കെ. കെ. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ മലയാലപ്പുഴ വില്ലേജിൽ റീ.സർവ്വെ നമ്പർ 702/1/76ൽ ഉൾപ്പെട്ട 38.40 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് സുരേഷിൽ വക വസ്തു, തെക്ക് തോട്, പടിഞ്ഞാറ് തനി വക വസ്തു, വടക്ക് വില സോജൻ വക വസ്തു.
7	(1) വിനോദ്കുമാർ കെ. ആർ., കൊല്ലയ്ക്കിൽ ഹൗസ്, മേയ്ക്കാല്പുഴ, താഴം പി.ഒ., (2) ഗീതാമ കെ. ആർ., കൊല്ലയ്ക്കിൽ ഹൗസ്, മേയ്ക്കാല്പുഴ, താഴം പി.ഒ.,	പുതുക്കുളം 12126035601507 05.09.2026 തീ Rs.17,17,466/-	Rs. 13,50,000/-	Rs. 1,35,000/-	ഗീതാമ കെ.ആർ. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ മലയാലപ്പുഴ വില്ലേജിൽ റീ.സർവ്വെ നമ്പർ 149/5ൽ ഉൾപ്പെട്ട 20.05 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് നാരായണൻ & ഭാസ്കരൻ എന്നിവരുടെ വസ്തു, തെക്ക് പങ്കജവതി വക വസ്തു, പടിഞ്ഞാറ് ജാനകി വക വസ്തു, വടക്ക് ഭാരതി വക വസ്തു.
8	(1) രാജൻ എം.എസ്., ഞക്കോട്ട് ഹൗസ്, വലിയകാവ് പി.ഒ., റാന്നി (2) സന്തു രാജൻ, ഞക്കോട്ട് ഹൗസ്, വലിയകാവ് പി.ഒ., റാന്നി (3) രാഹന രാജൻ, ഞക്കോട്ട് ഹൗസ്, വലിയകാവ് പി.ഒ., റാന്നി.	റാന്നി 12136035600487 05.09.2026 തീ Rs.41,46,413/-	Rs. 14,00,000/-	Rs. 1,40,000/-	രാജൻ എം.എസ്. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പഴവങ്ങാടി വില്ലേജിൽ റീ.സർവ്വെ നമ്പർ 222/1-2, 223/3-2ൽ ഉൾപ്പെട്ട 4.05 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക് സർവ്വെ നമ്പർ 222/1-2, 223/3-2 പ്രകാരം അതിരുകൾ: കിഴക്ക് സർവ്വെ നമ